എരുവാട്ടി സി.എച്ച്. സൗധം ഉദ്ഘാടനവും ബൈത്തുറഹ്മ സമർപ്പണവും

ആലക്കോട്:എരുവാട്ടിയിലെ മുസ്ലിം ലീഗ് ആഭിമുഖ്യത്തിൽ നിർമ്മിച്ച സി.എച്ച് സൗധത്തിന്റെ ഉദ്ഘാടനവും ബൈത്തുറഹ്മ സമർപ്പണവും മെയ് 3,4,5 തിയതികളിൽ നടക്കും. പ്രമുഖ നേതാക്കൾ പങ്കെടുക്കും. ഇതിന്റെ ഭാഗമായി നിരവധി അനുബന്ധ പരിപാടികളും സംഘടിപ്പിക്കും.

വി. സി. അഗസ്റ്റിൻ അനുസ്മരണ സമ്മേളനം

ആലക്കോട്:മലയോരത്തെ ആദ്യകാല സി.പി.എം നേതാവ് വി.സി. അഗസ്റ്റിൻ(കുഞ്ഞേട്ടൻ) അനുസ്മരണ സമ്മേളനം പൂവഞ്ചാലിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.പി.ദിവ്യ ഉദ്ഘാടനം ചെയ്തു. ഒ. ആർ.കോരൻ അധ്യക്ഷത വഹിച്ചു. കെ.എസ്.ചന്ദ്രശേഖരൻ, കെ.കെ.പുരുഷോത്തമൻ പ്രസംഗിച്ചു. സാജൻ കെ. ജോസഫ് സ്വാഗതം പറഞ്ഞു.

പൂവഞ്ചാലിൽ വി.സി.അഗസ്റ്റിൻ അനുസ്മരണം പി.പി.ദിവ്യ ഉദ്ഘാടനം ചെയ്യുന്നു

കിടപ്പ് രോഗികൾക്ക് സൗജന്യമായി വീൽചെയർ നല്കുന്നു

ആലക്കോട്:മംഗര സെന്റ് തോമസ് എൽ.പി.സ്കൂൾ 2003 ബാച്ച് സ്റ്റുഡന്റ്സിന്റെ 'സേവനം, കാരുണ്യം' പദ്ധതിയുടെ ഭാഗമായി കിടപ്പ് രോഗികൾക്ക് സൗജന്യമായി വീൽചെയർ എത്തിച്ച് നല്കുന്നതാണെന്ന് ഭാരവാഹികൾ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:9747335513, 9746347183, 9961943419.

ഒറ്റത്തൈ അയ്യപ്പ ക്ഷേത്രം പ്രതിഷ്ഠാ മഹോത്സവം 18ന്

ആലക്കോട്:ഒറ്റത്തൈ അയ്യപ്പ ക്ഷേത്രത്തിലെ നാലാം വാർഷിക പ്രതിഷ്ഠാ മഹോത്സവം 18ന് തന്ത്രി കുബേരൻ നമ്പൂതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിൽ നടക്കും. രാവിലെ 6ന് നട തുറക്കൽ, നിർമാല്യ ദർശനം, 7ന് മഹാഗണപതിഹോമം തുടർന്ന് വിവിധ പൂജകൾ, ഉച്ചക്ക് 12.30 മുതൽ അന്നദാനം തുടർന്ന് ദീപാരാധന, പുഷ്പാഭിഷേകം, രാത്രി 7.30ന് അത്താഴ പൂജ, ഹരിവരാസനം, നടഅടക്കൽ. അക്ഷയതൃതീയ ചടങ്ങുകളും നടക്കും.

വനിതകൾക്ക് കരകൗശല നിർമ്മാണ പരിശീലനം നല്കി

കരുവഞ്ചാൽ: കരുവഞ്ചാൽ പബ്ലിക് ലൈബ്രറി ആഭിമുഖ്യത്തിൽ വനിതകൾക്കായി കരകൗശല നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. പ്രസിഡന്റ് കെ.എം.തോമസ് ഉദ്ഘാടനം ചെയ്തു. സ്മിത ജോബിൻ ക്ലാസ് നയിച്ചു. പി.എ മുസ്തഫ, ഷാനവാസ് പ്രസംഗിച്ചു. കെ.വി.രത്നാകരൻ സ്വാഗതവും ഫൗസിയ നന്ദിയും പറഞ്ഞു.

കെ.പി.സി.സി. ഫണ്ട് ശേഖരണം 24 വരെ നീട്ടി

കണ്ണൂർ:കെ.പി.സി.സി. ഫണ്ട് ശേഖരണം 24 വരെ നീട്ടിയതായും ക്വാട്ട പൂർത്തിയാക്കാത്ത കീഴ്ഘടകങ്ങൾക്ക് കെ.പി.സി.സി. പ്രസിഡണ്ടിന്റെ യാത്ര പൂർത്തിയാവുന്നതിന്റെ ഒരു ദിവസം മുമ്പ് വരെ ഫണ്ട് ശേഖരിക്കാൻ അവസരം നല്കാനും ഡി.സി.സി. നേതൃ യോഗത്തിൽ തീരുമാനമെടുത്തു. ഡി.സി.സി. പ്രസിഡന്റ് സതീശൻ പാച്ചേനി അധ്യക്ഷത വഹിച്ചു. കെ.പി.സി.സി. ജന. സെക്രട്ടറി സുമ ബാലകൃഷ്ണൻ, കെ.സുരേന്ദ്രൻ, എം.നാരായണൻകുട്ടി, കെ.ടി.കുഞ്ഞഹമ്മദ്, എ.പി.അബ്ദുള്ളക്കുട്ടി, മാർട്ടിൻ ജോർജ്, സോണി സെബാസ്റ്റ്യൻ, എം.പി.ഉണ്ണികൃഷ്ണൻ, തോമസ് വെക്കത്താനം, എം.പി.മുരളി, വി.രാധാകൃഷ്ണൻ മാസ്റ്റർ, കെ.സി. മുഹമ്മദ് ഫൈസൽ,എം.പി.വേലായുധൻ സംബന്ധിച്ചു.

ഓട്ടോ ഡ്രൈവേഴ്സ് യൂണിയൻ (സി.ഐ.ടി.യു) കരുവഞ്ചാൽ ഡിവിഷൻ സമ്മേളനം പി. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

കരുവഞ്ചാൽ – വെള്ളാട് റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണം

കരുവഞ്ചാൽ: വീതി കൂട്ടിയുള്ള റീടാറിംഗ് പ്രവർത്തി പാതി വഴിയിൽ നിലച്ച കരുവഞ്ചാൽ- വെള്ളാട് റോഡിന്റെ ശോചനീയാവസ്ഥക്ക് ശാശ്വത പരിഹാരം കാണണമെന്നും ഇന്ധന വില കുതിച്ചുയരുന്ന സാഹചര്യത്തിൽ ഓട്ടോ- ടാക്സി നിരക്ക് കാലോചിതമായി പുതുക്കി നിശ്ചയിക്കണമെന്നും ഓട്ടോ ഡ്രൈവേഴ്സ് യൂണിയൻ (സി.ഐ.ടി.യു) കരുവഞ്ചാൽ ഡിവിഷൻ സമ്മേളനം ആവശ്യപ്പെട്ടു. വി. മുഹമ്മദ് അധ്യക്ഷത വഹിച്ചു. പി. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. വി.എ. അപ്പച്ചൻ, എം.കെ. സെബാസ്റ്റ്യൻ, ജോബി ജേക്കബ് പ്രസംഗിച്ചു. എൻ.ജി. ഗിരീഷ് സ്വാഗതം പറഞ്ഞു. ഭാരവാഹികളായി ബി. മുഹമ്മദ് (പ്രസിഡണ്ട്), വിനു വലമറ്റം (വൈസ് പ്രസിഡണ്ട്), എൻ.ജി. ഗിരീഷ് (സെക്രട്ടറി), സന്തോഷ് (ജോയിന്റ് സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

പന്നിയൂർ പുതുക്കണ്ടം നൂറുൽ ഇസ്ലാം മദ്രസ കട്ടില വെക്കൽ പാണക്കാട് ഹമീദലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു.

കാഞ്ഞിരങ്ങാട് നിർമ്മിക്കുന്ന ഓട്ടോ മാറ്റഡ് വാഹന-ഡ്രൈവിംഗ് പരിശോധന കേന്ദ്രത്തിന്റെ ശിലാസ്ഥാപനം മന്ത്രി എ.കെ. ശശീന്ദ്രൻ നിർവഹിക്കുന്നു.

തുടർച്ചയായി വാഹനാപകടങ്ങൾ സൃഷ്ടിക്കുന്നവരുടെ ലൈസൻസ് റദ്ദ് ചെയ്യും: എ.കെ. ശശീന്ദ്രൻ

തളിപ്പറമ്പ: തളിപ്പറമ്പ സബ് ആർ.ടി.ഓഫീസിന് കീഴിൽ കാഞ്ഞിരങ്ങാട് നിർമ്മിക്കുന്ന ഓട്ടോ മാറ്റഡ് വാഹന-ഡ്രൈവിംഗ് പരിശോധന കേന്ദ്രത്തിന്റെ ശിലാസ്ഥാപനം മന്ത്രി എ.കെ. ശശീന്ദ്രൻ നിർവഹിച്ചു. കർശനമായ നടപടികളിലൂടെ മാത്രമേ സംസ്ഥാനത്തെ വാഹനാപകടങ്ങൾ തടയാൻ സാധിക്കൂ എന്നും തുടർച്ചയായി വാഹനാപകടങ്ങൾ സൃഷ്ടിക്കുന്നവരുടെ ലൈസൻസ് റദ്ദ് ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ജെയിംസ് മാത്യു എം.എൽ.എ അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി. ലത, പരിയാരം പഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷ്, ബ്ലോക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയംഗം സി.ജീജ, ടി. ഷീബ, ഡി.വൈ.എസ്.പി കെ.വി. വേണുഗോപാൽ, തഹസിൽദാർ എം. മുരളി, ജി. രാകേഷ് സംസാരിച്ചു. ട്രാൻസ്പോർട്ട് കമ്മീഷണർ കെ. പത്മകുമാർ സ്വാഗതവും എം. മനോഹരൻ നന്ദിയും പറഞ്ഞു.

കെ.എസ്.ആർ.ടി.സി കണ്ണൂർ- പഴയങ്ങാടി- പയ്യന്നൂർ റൂട്ടിൽ ആരംഭിച്ച ചെയിൻ സർവീസ് മന്ത്രി എ.കെ. ശശീന്ദ്രൻ ഫ്ളാഗ് ഓഫ് ചെയ്യുന്നു.

മീമ്പറ്റി മാണിക്യകാവ് പ്രതിഷ്ഠാ കളിയാട്ട മഹോത്സവം 18 മുതൽ

ആലക്കോട്:മീമ്പറ്റി മാണിക്യകാവ് പ്രതിഷ്ഠാ കളിയാട്ട മഹോത്സവം 18 മുതൽ 21 വരെ നടക്കും. 18ന് വൈകുന്നേരം 4.30ന് കലവറ നിറക്കൽ ഘോഷയാത്ര, 6.30ന് കലാപരിപാടികളുടെ ഉദ്ഘാടനം ചപ്പാരപ്പടവ് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സാലി നടുപ്പറമ്പിൽ നിർവ്വഹിക്കും. 7.30 തിരുവാതിര തുടർന്ന് പ്രാദേശിക കലാപരിപാടികൾ.19ന് രാവിലെ 7 മണിക്ക് ഗണപതി ഹോമം, രാത്രി 7ന് സാംസ്കാരിക സമ്മേളനം ടി.പി.സദാനന്ദന്റെ അധ്യക്ഷതയിൽ അജിത് രാമവർമ്മ ഉദ്ഘാടനം ചെയ്യും. പ്രൊഫ.ഡോ.ലിസി മാത്യു പ്രഭാഷണം നടത്തും തുടർന്ന് ആദരണ സഭ. പയ്യാവൂർ കുഞ്ഞിരാമൻ ഉദയവർമ്മൻ, നരേന്ദ്രൻ ചെറുവത്തൂർ, രാമചന്ദ്രൻ കൊട്ടില, ടി.എ. ബാബു ഗുരുക്കൾ വെള്ളാട് എന്നിവരെ ആദരിക്കും. 9ന് നൃത്യനൃത്യങ്ങൾ, നാടൻപാട്ടും ദൃശ്യവിരുന്നും. 20ന് രാവിലെ 8.47 മുതൽ നടുവത്ത് പുടയൂർ വാസുദേവൻ നമ്പൂതിരിയുടെ കാർമ്മികത്വത്തിൽ പ്രതിഷ്ഠാ കർമ്മം നടക്കും. വൈകുന്നേരം 6ന് ദീപാരാധന, 10.30ന് കാഴ്ചവരവ്, കരിമരുന്ന് കലാപ്രകടനം, തുടർന്ന് വിവിധ തെയ്യങ്ങളുടെ പുറപ്പാട്.

കുപ്പം സൂപ്പർ ലീഗ്; 313 എഫ്.സി ജേതാക്കൾ

കുപ്പം:ഒരു ലക്ഷം പ്രൈസ് മണിക്കും ഷാർജ ബ്ലാസ്റ്റേഴ്സ് നല്കുന്ന വിന്നേർസ് ട്രോഫിക്കും ടിങ്കിൾ എഫ്.സി.ദുബായ് നല്കുന്ന റണ്ണേർസ് ട്രോഫിക്കും വേണ്ടിയുള്ള രണ്ടാമത് ഡിഫന്റേർസ് കുപ്പം സൂപ്പർ ലീഗിന്റെ 313 എഫ്.സി.ജോതാക്കളായി. ടൈംബ്രേക്കറിലൂടെ ഡി.ക്ലബിനെയാണ് 313 എഫ്.സി പരാജയപ്പെടുത്തിയത്. വിജയികൾക്ക് തളിപ്പറമ്പ് നഗരസഭാ ചെയർമാൻ അള്ളാംകുളം മഹമൂദ്, എൻ.യു. ഉമ്മർ കുട്ടി, കെ.എം.മുഹമ്മദ് കുഞ്ഞി, ബഷീർ എന്നിവർ സമ്മാനദാനം നിർവ്വഹിച്ചു.

വലിയ ഭൂമിയും കുട്ടിക്കൂട്ടവും പ്രകൃതി പഠന ക്യാമ്പ്

കണ്ണൂർ:15 വയസിന് താഴെയുള്ള കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി വലിയ ഭൂമിയും കുട്ടിക്കൂട്ടവും എന്ന പ്രകൃതി പഠന ക്യാമ്പ് 28,29 തീയ്യതികളിലായി പാലയത്തുവളപ്പിൽ നടക്കും. 'ലെറ്റ്സ് ഗോ ഫോർ എ ക്യാമ്പ്' എന്ന ഓൺലൈൻ പ്രകൃതി പഠന ഗ്രൂപ്പാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. ക്യാമ്പിന്റെ ഭാഗമായി പക്ഷി-ശലഭ നിരീക്ഷണം, ജൈവ വൈവിധ്യത്തെ പരിചയപ്പെടുത്തൽ, കുട്ടിക്കവിതകൾ, നാടൻ കളികൾ, നക്ഷത്ര നിരീക്ഷണം, പ്ലാസ്റ്റിക് വേസ്റ്റുകളിൽ നിന്നും കളിപ്പാട്ട നിർമ്മാണം, രക്ഷിതാക്കൾക്ക് അവബോധ ക്ലാസ് എന്നിവ ഉണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക, ഫോൺ.8050725190,9633795081. ക്യാമ്പിൽ രജിസ്റ്റർ ചെയ്യാൻ www.letsgoforacamp.com/upcoming.

പ്രഭാഷണപരമ്പര
9.4.2018
കണ്ണൂർ സ്റ്റേഡിയം കോർണർ
യുവകലാസാഹിതി പ്രഭാഷണ പരമ്പരയുടെ ഭാഗമായി കണ്ണൂരിൽ നടന്ന പരിപാടിയിൽ ആലങ്കോട് ലീലാകൃഷ്ണൻ സംസാരിക്കുന്നു.

യുവകലാസാഹിതി പ്രഭാഷണ പരമ്പര

കണ്ണൂർ: പുരോഗമനചിന്ത അപര്യാപ്തമാകുമ്പോഴാണ് പുനരുദ്ധാരണ ചിന്ത കടന്നുവരുന്നതെന്ന് കവിയും യുവകലാസാഹിതി സംസ്ഥാന പ്രസിഡണ്ടും കേരള സാഹിത്യ അക്കാദമി എക്സിക്യൂട്ടീവ് അംഗവുമായ ആലങ്കോട് ലീലാകൃഷ്ണൻ പറഞ്ഞു. ദേശീയത, മാനവികത, ബഹുസ്വരത എന്നീ വിഷയങ്ങളിൽ യുവകലാസാഹിതി സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന പ്രഭാഷണ പരമ്പരയുടെ ഭാഗമായി കണ്ണൂരിൽ നടന്ന പരിപാടിയിൽ പ്രഭാഷണം നടത്തുകയായിരുന്ന അദേഹം. സി.പി.ഐ ജില്ലാ സെക്രട്ടറി അഡ്വ. പി. സന്തോഷ്കുമാർ, യുവകലാസാഹിതി ജില്ലാ ട്രഷറർ സി. ഗിരീശൻ പ്രസംഗിച്ചു. യുവകലാസാഹിതി ജില്ലാ പ്രസിഡണ്ട് അഡ്വ. പി. അജയകുമാർ അധ്യക്ഷനായി. ജില്ലാ സെക്രട്ടറി ടി. പ്രകാശൻമാസ്റ്റർ സ്വാഗതവും വൈസ് പ്രസിഡണ്ട് കെ.വി. പത്മനാഭൻ നന്ദിയും പറഞ്ഞു.

കോൺഗ്രസ് തളിപ്പറമ്പിൽ നടത്തിയ പ്രതിഷേധ യോഗം ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി ഉദ്ഘാടനം ചെയ്യുന്നു.

കിസാൻസഭ സ്ഥാപക ദിനാചരണം സംഘടിപ്പിച്ചു

കുറുമാത്തൂർ: കർഷക സംഘം കുറുമാത്തൂർ വില്ലേജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പൊക്കുണ്ടിൽ അഖിലേന്ത്യ കിസാൻസഭ സ്ഥാപക ദിനാചരണം സംഘടിപ്പിച്ചു. കെ.വി. ബാലകൃഷ്ണൻ, എൻ.കെ. ഭാരതി സംസാരിച്ചു.

വൈദ്യുതി മേഖലയെ സ്വകാര്യവത്കരിക്കരുത്: ജനസഭ നടത്തി

ആലക്കോട്:വൈദ്യുതി മേഖലയെ സ്വകാര്യ വത്കരിക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തിനെതിരെയുള്ള രാജ്യവ്യാപക പ്രക്ഷോപത്തിന്റെ ഭാഗമായി ജീവനക്കാരുടെ നേതൃത്വത്തിൽ ജനസഭ സംഘടിപ്പിച്ചു. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.പി.ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. ജോസഫ് ടോബൻ അധ്യക്ഷത വഹിച്ചു. എ.വി.രവീന്ദ്രൻ, വി.ജി.സോമൻ പ്രസംഗിച്ചു. പി.സി.രാജൻ സ്വാഗതവും പി.വി.ശിവജി നന്ദി പറഞ്ഞു.

രാജ്യവ്യാപക പ്രക്ഷോഭം
ജനസഭ ആലക്കോട്
വൈദ്യുതി ജീവനക്കാർ ആലക്കോട് നടത്തിയ ജനസഭ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.പി.ഗോവിന്ദൻ ഉദ്ഘാടനം ചെയ്യുന്നു

പ്രതിഷേധ ജ്വാല
JUSTICE FOR ASIFA
മഹിളാ കോൺഗ്രസ് തളിപ്പറമ്പിൽ നടത്തിയ പ്രതിഷേധ ജ്വാലയിൽ രജനി രമാനന്ദിന്റെ നേതൃത്വത്തിൽ പ്രതിജ്ഞയെടുക്കുന്നു.

കുട്ടികളെ പൈശാചികമായി കൊല്ലുന്ന നരാധമൻമാർക്ക് ബി.ജെ.പി തണലേകുന്നു: സതീശൻ പാച്ചേനി

തളിപ്പറമ്പ: മോദി ഭരണത്തിൻ കീഴിൽ രാജ്യത്ത് പിഞ്ചുകുഞ്ഞുങ്ങളെ പോലും ക്രൂരമായി വേട്ടയാടുകയാണെന്ന് ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി. കുട്ടികളെ പൈശാചികമായ രീതിയിൽ കൊന്നൊടുക്കുന്ന നരാധമൻമാർക്ക് ബി.ജെ.പി തണലേകുകയാണെന്നും അദേഹം പറഞ്ഞു. കത്വ-ഉന്നാവ സംഭവങ്ങളെ തുടർന്ന് തളിപ്പറമ്പിൽ കോൺഗ്രസ് നടത്തിയ പ്രതിഷേധ പൊതുയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം. മോദി ഭരണത്തിന്റെ തണലിൽ രാജ്യത്തെ കുഞ്ഞുങ്ങൾ പോലും അതിക്രൂരമായി പീഡിപ്പിക്കപ്പെടുകയാണ്. പ്രതികളെ എങ്ങനെയൊക്കെ സംരക്ഷിച്ചാലും രാഹുൽഗാന്ധിയുടെ നേതൃത്വത്തിൽ ബഹുജന പ്രക്ഷോഭത്തിലൂടെ അതിനെ ചെറുക്കുമെന്നും സതീശൻ പാച്ചേനി കുറ്റപ്പെടുത്തി. ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് പി.എം. പ്രേംകുമാർ അധ്യക്ഷത വഹിച്ചു. മഹിളാ കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് രജനി രമാനന്ദ്, യൂത്ത് കോൺഗ്രസ് പാർലമെന്റ് മണ്ഡലം പ്രസിഡണ്ട് ജോഷി കണ്ടത്തിൽ, ഡി.സി.സി ജനറൽ സെക്രട്ടറിമാരായ ടി. ജനാർദനൻ, ഇ.ടി. രാജീവൻ, കെ. മനോജ് കുമാർ കൂവേരി, എ.ഡി. സാബൂസ്, രാജീവൻ കപ്പച്ചേരി, കോൺഗ്രസ് ബ്ലോക്ക് നേതാക്കളായ കുഞ്ഞമ്മ തോമസ്, രാഹുൽ ദാമോദരൻ പ്രസംഗിച്ചു. പ്രകടനവും നടത്തി.

തളിപ്പറമ്പ: മഹിളാ കോൺഗ്രസിന്റെ നേതൃത്വത്തിൽ തളിപ്പറമ്പിൽ പ്രതിഷേധ ജ്വാല തെളിയിച്ചു. ജില്ലാ പ്രസിഡണ്ട് രജനി രമാനന്ദ് ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പ് ബ്ലോക്ക് മഹിളാ കോൺഗ്രസ് പ്രസിഡണ്ട കുഞ്ഞമ്മ തോമസ് അധ്യക്ഷത വഹിച്ചു. നഗരസഭ വൈസ് ചെയർപേഴ്സൺ വൽസ പ്രഭാകരൻ, കെ. നബീസ ബീവി, ജോഷി കണ്ടത്തിൽ, ടി. ജനാർദനൻ, ഇ.ടി. രാജീവൻ, കെ. മനോജ്കുമാർ കൂവേരി, എ.ഡി. സാബൂസ്, രാജീവൻ കപ്പച്ചേരി, പി.എം. പ്രേംകുമാർ, വി. ജാനകി, ടി. സൗമിനി നാരായണൻ, ദീപ രഞ്ജിത്ത്, കെ. നിഷ, രാഹുൽ ദാമോദരൻ, ചന്ദ്രിക സതീഷ്, രമണി ടീച്ചർ സംസാരിച്ചു.

തോട്ടീക്കൽ: തോട്ടീക്കൽ ശാഖ മുസ്ലിംയൂത്ത് ലീഗിന്റെയും എം.എസ്.എഫിന്റെയും സംയുക്താഭിമുഖ്യത്തിൽ ജസ്റ്റിസ് ഫോർ ആസിഫ പ്രതിഷേധ റാലി സംഘടിപ്പിച്ചു.

യോഗത്തിൽ യു.എം. ഉനൈസ് അധ്യക്ഷത വഹിച്ചു. ഷാക്കിർ തോട്ടീക്കൽ ഉദ്ഘാടനം ചെയ്തു. ശാക്കിർ കൊമ്മച്ചി സ്വാഗതവും പി.എം. യാസീർ നന്ദിയും പറഞ്ഞു.

തളിപ്പറമ്പ: തളിപ്പറമ്പിൽ എസ്.എസ്.എഫ് തളിപ്പറമ്പ് ഡിവിഷൻ പ്രതിഷേധ പ്രകടനം നടത്തി. സംസ്ഥാന സെക്രട്ടറി കെ. അബ്ദുറഷീദ് മാസ്റ്റർ, ജില്ലാ ഫിനാൻസ് സെക്രട്ടറി അബ്ദുസമദ് സഖാഫി, ഉവൈസ് അസഖാഫ്, അജീർ സഖാഫി, ത്വയ്യിബ് അമാനി, ശാകിർ ഹുമൈദി, സുഹൈർ നരിക്കോട് സംബന്ധിച്ചു.

കണ്ണൂർ: മുസ്ലിംയൂത്ത് ലീഗ് കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ റാലി നടത്തി. യൂത്ത് ലീഗ് ജില്ലാ പ്രസിഡണ്ട് പി.വി. ഇബ്രാഹിം മാസ്റ്റർ, ജില്ലാ ഭാരവാഹികളായ മുസ്ലിഹ് മഠത്തിൽ, എൻ.പി. റഷീദ് മാസ്റ്റർ, കെ.കെ.എം. ബഷീർ മാസ്റ്റർ, നസീർ നല്ലൂർ, കെ.എം. ഷംസുദീൻ, ഷക്കീർ മൗവഞ്ചേരി, സി.പി. റഷീദ്, അൽത്താഫ് മാങ്ങാട്, അശ്രഫ് കാഞ്ഞിരോട്, റഷീദ് തലായി, ഷംസീർ മയ്യിൽ, സൈനുൽ അബിദീൻ, ജാഫർ സാദിഖ്, സിയാദ് തങ്ങൾ, സി.എം. ഇസുദീൻ, റാഷിദ് ചാലാട്, നസീർ അത്താഴക്കുന്ന്, അസ്ലം പാറേത്ത്, ഷംസീർ സിറ്റി, കെ.വി. മുഹമ്മദ് നവാസ് നേതൃത്വം നൽകി.

ആസിഫ ബാനു
RSS വംശ
വെറിയുടെ
എസ്.ഡി.പി.ഐ പ്രവർത്തകർ തളിപ്പറമ്പിൽ നടത്തിയ പ്രതിഷേധ ചങ്ങല

അഴിമതിയുടെ സ്മാരകമാകുന്നു

വാതിൽമട കോളനിയിൽ ഒരു കോടിയുടെ ഹാംലറ്റ് പദ്ധതി പാതി വഴിയിൽ

പി. മനൂപ്

ശ്രീകണ്ഠപുരം: കഴിഞ്ഞ യു.ഡി.എഫ്. സർക്കാറിന്റെ കാലത്ത് അനുവദിച്ച ഒരു കോടി രൂപയുടെ ഹാംലറ്റ് പദ്ധതി പയ്യാവൂർ പഞ്ചായത്തിലെ വാതിൽമട കോളനിയിൽ പാതി വഴിയിൽ കിടക്കുന്നു. ഇത് അഴിമതിയുടെ സ്മാരകമായി നിൽക്കുമ്പോഴും അധികൃതർ മൗനം നടിക്കുകയാണ്. സംസ്ഥാനത്തെ ഭൂരിഭാഗം കോളനികളിലും ഈ പദ്ധതി നല്ല രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്.

100 ഏക്കർ ഭൂമിയിൽ പരന്നു കിടക്കുന്ന ജില്ലയിലെ ഏറ്റവും വലിയ കോളനിയാണിത്. മാതൃകാ കോളനിയാക്കിമാറ്റാനായിരുന്നു പദ്ധതി. എഫ്. ഐ ടി. എന്ന ഏജൻസിയെയായിരുന്നു ഇവിടെ പദ്ധതി നടത്തിപ്പ് ഏൽപ്പിച്ചത്. എന്നാൽ യാതൊരു ഉത്തരവാദിത്തവുമില്ലാതെ ഇവർ ചെറുകിട കരാറുകാരെ ഏൽപ്പിക്കുകയായിരുന്നു. കോളനിയിൽ അടിസ്ഥാന സൗകര്യ വികസനമായിരുന്നു പദ്ധതിയുടെ ലക്ഷ്യം. സാംസ്കാരിക നിലയത്തിന്റെ വികസനം, റോഡ് വികസനം, ശ്മശാനത്തിന്റെ നിർമാണം, വീടുകളുടെ അറ്റകുറ്റപ്പണി, കക്കൂസ് നവീകരണം, കിണർ കെട്ടൽ തുടങ്ങി വിപുലമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്തത്. ചെറുകിട കരാറുകാർ പണി തുടങ്ങുകയും പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്തു. അശാസ്ത്രീയമായി പണി നടത്തിയതുകൊണ്ടാണ് പദ്ധതി നിന്നുപോകാൻ കാരണം. വ്യാപക പ്രതിഷേധം ഉയർന്നതോടെ നാട്ടുകാർ കരാറുകാരെ തടയുന്ന സ്ഥിതിയുണ്ടായി. ഒരു കോടിയിൽ 25 ലക്ഷം ആദ്യഘഡുവായി എഫ്.ഐ. ടി. എന്ന ഏജൻസി വാങ്ങിയിരുന്നു.

ആദിവാസി കോളനികൾക്ക് വേണ്ടി തുക മാറ്റിവെക്കുന്നവർ അനുവദിച്ച പദ്ധതി നടപ്പിലായിട്ടുണ്ടോയെന്ന് പരിശോധിക്കാത്തതാണ് ഇത്തരം ക്രമക്കേടുകൾക്ക് വഴിയൊരുക്കുകയാണ്. പദ്ധതി നശിപ്പിച്ചെന്നാരോപിച്ച് പയ്യാവൂർ പഞ്ചായത്ത് ഭരണസമിതി സർക്കാരിൽ പരാതി നൽകിയിട്ടുണ്ട്.

അധികൃതരുടെ അനാസ്ഥക്കെതിരെ കോളനി നിവാസികളിൽ വ്യാപക പ്രതിഷേധം ഉയർന്നിട്ടുണ്ട്.

സുലൈമാൻ സേട്ട് അവാർഡ് ഡോ. സെബാസ്റ്റ്യൻ പോളിന്

കണ്ണൂർ: ഐ.എൻ.എൽ സ്ഥാപക നേതാവ് ഇബ്രാഹിം സുലൈമാൻ സേട്ടിന്റെ പേരിൽ പാർട്ടി പ്രവാസി ഘടകമായ ഐ.എം.സി.സി.യു.എ. കമ്മിറ്റി ഈ വർഷം മുതൽ നൽകുന്ന സുലൈമാൻ സേട്ട് പുരസ്കാരത്തിനായി പ്രമുഖ മാധ്യമ പ്രവർത്തകനും പൗരാവകാശ പ്രവർത്തകനുമായ ഡോ. സെബാസ്റ്റ്യൻ പോളിനെ തിരഞ്ഞെടുത്തതായി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 50,001 രൂപയും പ്രശസ്തി ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. 27ന് കോഴിക്കോട് നടക്കുന്ന ഐ.എൻ.എൽ. രജത ജൂബിലി ഉദ്ഘാടന സമ്മേളനത്തിൽ അവാർഡ് കൈമാറും. പത്രപ്രവർത്തനത്തെ അർഹിക്കുന്ന ഗൗരവത്തോടെ കാണുകയും മാധ്യമ സ്വാതന്ത്ര്യസംരക്ഷണത്തിനായുള്ള പോരാട്ടത്തിന് മുൻനിരയിൽ നിൽക്കുകയും മനുഷ്യാവകാശ പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടുകയും ചെയ്യുന്നതിനാണ് പുരസ്കാരം. വാർത്താ സമ്മേളനത്തിൽ കാസിം ഇരിക്കൂർ, താജുദീൻ മട്ടന്നൂർ, കുഞ്ഞാമൂട്ടി ഖാദർ എന്നിവർ സംബന്ധിച്ചു.

ആവശ്യമുണ്ട്

അക്ഷയ വർക്ക്,
ഓൺലൈൻ വർക്ക്
ഡി.ടി.പി
ഇംഗ്ലീഷ്, മലയാളം

9497861939

നഷ്ടപ്പെട്ടു

ഉദയഗിരി- തളിപ്പറമ്പ യാത്രയിൽ എന്റെ PY03200800 13860 നമ്പർ ഡ്രൈവിംഗ് ലൈസൻസ് നഷ്ടപ്പെട്ടുപോയിരിക്കുന്നു. കണ്ടുകിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിൽ 7 ദിവസത്തിനകം ബന്ധപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു. അല്ലാത്തപക്ഷം ഡ്യൂപ്ലിക്കേറ്റ് ലൈസൻസിന് അപേക്ഷിക്കുന്നതായിരിക്കും.

ജോസഫ്. പി.ഒ
S/o. അബ്രാഹം പി.ടി., 623
പാമ്പൂരിയ്ക്കൽ, തലവിൽ
പെരുമ്പടവ്, പി.ഒ. കരിപ്പാൽ
തളിപ്പറമ്പ, കണ്ണൂർ ജില്ല
9447739157

നീന്തൽ പരിശീലനം

തളിപ്പറമ്പ റിക്രിയേഷൻ ക്ലബിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ ഒന്ന്മുതൽ തളിപ്പറമ്പ കോടതിക്ക് സമീപമുള്ള റിക്രിയേഷൻ ക്ലബിന്റെ സ്വിമ്മിംഗ് പൂളിൽ നീന്തൽ പരിശീലനം ആരംഭിക്കുന്നു. 10 വയസിന് മുകളിലുള്ള കുട്ടികൾക്കാണ് പരിശീലനം. സ്ത്രീകൾക്ക് വനിത കോച്ചിന്റെ പരിശീലനം ലഭ്യമാണ്. അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

യോഗ ക്ലാസ്
ആരംഭിച്ചിരിക്കുന്നു
സ്ത്രീകൾക്കും
പുരുഷൻമാർക്കും
9447113114

Ph:9744318152, 9847508291